പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4862 | 21.10.2011ൽ മറുപടിയ്ക്കുണ്ടായിരുന്നത് |
|---|---|
| താൽക്കാലിക അംഗൻവാടി ജീവനക്കാരുടെ തെരഞ്ഞെടുപ്പ് | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ. മുരളീധരൻ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ വിഭാഗം ജീവനക്കാർക്കും ഉത്സവബത്ത നൽകുന്ന സാഹചര്യത്തിൽ വിരമിച്ച അംഗൻവാടി ജീവനക്കാർക്ക് ഉത്സവബത്ത നൽകാതിരിക്കുന്നതിന് കാരണമെന്താണ്; | (എ) | ഇക്കാര്യം പരിശോധിച്ച ശേഷമേ നടപടി കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | അംഗൻവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച തുക പെൻഷൻ നൽകുന്നത് സംബന്ധിച്ച് ഡബ്ല്യു.എ).1528/10 നമ്പർ ഹൈക്കോടതി കേസിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | താൽക്കാലിക അംഗൻവാടി ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പും കമ്മിറ്റിയുടെ ഘടനയും ലഭ്യമാക്കുമോ; | (സി) | 01.06.2006-ലെ സ.ഉ(സാധാ)നം. 237/06/സാക്ഷേവ പ്രകാരം അംഗൻവാടികളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ യോഗ്യതയുള്ളവരെ വാർഡ് മെമ്പർ ചെയർമാനായിട്ടുള്ള അംഗൻവാടി വെൽഫയർ കമ്മിറ്റി തെരഞ്ഞെടുക്കേണ്ടതും അവരെ താല്ക്കാലികമായി |

| | | | |
|---|---|---|---|
| | | | നിയോഗിക്കുന്നതിന് ശിശുവികസന പദ്ധതി ഓഫീസർ താല്ക്കാലികമായി അംഗൻവാടി പ്രവർത്തകരെ നിയോഗിക്കുന്നതുമാണ്. 16.06.1993-ലെ സ.ഉ(എം.എസ്) നം. 17/93/സാക്ഷേവ പ്രകാരം രൂപീകരിച്ച അംഗൻവാടി വെൽഫയർ കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കും പ്രകാരമാണ്.<br>• അംഗൻവാടി പ്രദേശത്തെ (കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്ത്) വാർഡ് മെമ്പർ- ചെയർമാൻ<br>• ബന്ധപ്പെട്ട അംഗൻവാടിയിലെ വർക്കർ-കൺവീനർ<br>• ഐസിഡിഎസ് സൂപ്പർവൈസർ -മെമ്പർ<br>• മഹിളാ സമാജങ്ങൾ, മഹിളാ മണ്ഡൽ, പ്രമുഖ സന്നദ്ധ സംഘടനകൾ, പ്രൈമറി സ്കൂൾ അധ്യാപകർ, സാമൂഹ്യ പ്രവർത്തകർ, ഗുണഭോക്താക്കളുടേയും വനിതാ ഗുണഭോക്താക്കളുടേയും രക്ഷകർത്താക്കൾ എന്നിവരെ പ്രതിനിധീകരിക്കുന്നവർ ഉൾപ്പെടെ പരമാവധി 11 അംഗങ്ങൾ മാത്രമേ പ്രസ്തുത കമ്മിറ്റിയിൽ പാടുള്ളൂ.<br>മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1-ഉം അനുബന്ധം 2-മായി ചേർക്കുന്നു. |

(ഡി) ഡബ്ല്യു.എ.1528/2010–ലെ ഉത്തരവ് പ്രകാരം വർക്കർ, ഹെൽപ്പർ തസ്തികകളിൽ കരാർ നിയമനം നടത്തിയവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

(ഡി) ഡബ്ല്യു.എ.1528/2010–ലെ ഉത്തരവ് പ്രകാരം വർക്കർ, ഹെൽപ്പർ തസ്തികകളിൽ കരാർ നിയമനം നടത്തിയവരുടെ ജില്ല തിരിച്ചുളള എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ജില്ല | വർക്കർ | ഹെൽപ്പർ |
|---|---|---|
| തിരുവനന്തപുരം | 58 | 71 |
| കൊല്ലം | 65 | 52 |
| പത്തനംതിട്ട | 9 | 14 |
| ആലപ്പുഴ | 18 | 21 |
| കോട്ടയം | 18 | 40 |
| ഇടുക്കി | – | – |
| എറണാകുളം | 14 | 35 |
| പാലക്കാട് | – | – |
| തൃശ്ശൂർ | 15 | 30 |
| കോഴിക്കോട് | – | – |
| മലപ്പുറം | 2 | 5 |
| വയനാട് | – | – |
| കണ്ണൂർ | 4 | 1 |
| കാസർഗോഡ് | – | – |
| ആകെ | 203 | 269 |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ്- ഐസിഡിഎസ് പ്രൊജക്ടുകളിൽ അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും താല്കാലികമായി നിയോഗിക്കുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ നിർണ്ണയിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## സാമൂഹ്യക്ഷേമ (ബി) വകുപ്പ്

**സ.ഉ(സാധാ) നം. 237/2006/സാക്ഷേവ** **തീയതി, തിരുവനന്തപുരം,** 1-6-2006.

---

പരാമർശം :- സാമൂഹ്യക്ഷേമ ഡയറക്ടറുടെ 7-3-06-ലെ ഐസിഡിഎസ് എ1/7977/06 നം. കത്ത്

## ഉത്തരവ്

പരാമർശത്തിലെ സാമൂഹ്യക്ഷേമഡയറക്ടറുടെ ശുപാർശ പ്രകാരം ഐസിഡിഎസ് പ്രൊജക്ടുകളിൽ അംഗൻവാടി വർക്കർമാരെയും ഹെൽപ്പർ- മാരെയും താല്കാലികമായി നിയോഗിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിർണ്ണയിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

(i) സാമൂഹ്യക്ഷേമഡയറക്ടർ അംഗീകരിച്ചു നൽകിയ റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത പഞ്ചായത്തുകളിൽ/പ്രോജക്ടുകളിൽ അംഗൻവാടി വർക്കർ/ഹെൽപ്പർ ഒഴിവുകളിലേയ്ക്ക് താല്കാലികമായി നിയോഗം നടത്തുന്നതിന് അതാതു സിഡിപിഒമാർക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നടപടി സ്വീകരിക്കാവുന്നതാണ്.

(ii) അംഗൻവാടി വർക്കർമാരായി നിയോഗിക്കുന്നവർ എസ്.എസ്.എൽ.സി ജയിച്ചവരും 18 നും 44 നും മധ്യേ പ്രായമുള്ളവരുമായിരിക്കണം.

(iii) അംഗൻവാടി ഹെൽപ്പർമാരായി നിയോഗിക്കുന്നവർ 18 നും 44 നും മധ്യേ പ്രായമുള്ളവരും എഴുതാനും വായിക്കാനും അറിയാവുന്നവരുമായിരിക്കണം. എന്നാൽ എസ്.എസ്.എൽ.സി ജയിച്ചവരായിരിക്കരുത്.

(iv) മേൽപ്രകാരം വർക്കർമാരായി നിയോഗിക്കുന്നവർ അംഗൻവാടി സെൻറർ സ്ഥിതിചെയ്യുന്ന വാർഡിൽ സ്ഥിരതാമസക്കാരായ വനിതകൾ ആയിരിക്കണം.

(v) നിർദ്ദിഷ്ട യോഗ്യതയുള്ളവർ അതേ വാർഡിൽ ഇല്ലായെങ്കിൽ അംഗൻവാടി സെൻറർ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസക്കാരായ വനിതകളെ പരിഗണിക്കാവുന്നതാണ്. അർബൻ പ്രോജക്ടുകളിൽ പരിഗണിക്കുന്നവർ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ ഏരിയയിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരായിരിക്കണം.

(............2)

(vi) സേവനതല്പരരും മതിയായ ശാരീരിക ശേഷിയുള്ളവരും, പ്രാദേശികമായി സ്വീകാര്യതയുള്ളവരുമായിരിക്കണം തെരഞ്ഞെടുക്കപ്പെട്ട വനിതകൾ.

(vii) മുൻപരിചയവും പ്രായക്കൂടുതലുമുള്ളവർക്ക് മുൻഗണന നൽകണം.

(viii) മുകളിൽ പരാമർശിച്ച യോഗ്യതയുള്ളവരെ വാർഡ് മെമ്പർ ചെയർമാനായിട്ടുള്ള അംഗൻവാടി വെൽഫെയർ കമ്മിറ്റി തെരഞ്ഞെടുക്കേണ്ടതും അവരെ താല്ക്കാലികമായി നിയോഗിക്കുന്നതിനായി സിഡിപിഒയ്ക്ക് ശുപാർശ നൽകേണ്ടതുമാണ്.

(ix) കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ താൽക്കാലികമായി വർക്കർ/ഹെൽപ്പർമാരെ നിയോഗിക്കേണ്ടതാണ്.

(x) താൽക്കാലികമായി നിയോഗിക്കുന്നവരുടെ സേവന കാലാവധി പരമാവധി 6 മാസം മാത്രമായിരിക്കും.

(xi) 6 മാസകാലയളവിലേയ്ക്ക് നിയോഗിച്ച ഒരു വ്യക്തിയെ തുടർന്ന് 6 മാസം ഇടവേള നൽകിയതിനുശേഷം മാത്രമേ പുനർ നിയോഗത്തിനു പരിഗണിക്കാവൂ.

(xii) താൽക്കാലികമായി നിയോഗിച്ചവർക്ക് അവർ ജോലിചെയ്ത കാലയളവിലെ മാസ ഹോണറേറിയത്തിന് മാത്രമേ അവകാശമുള്ളൂ. മറ്റാനുകൂല്യങ്ങൾക്കൊന്നും അവകാശം ഉണ്ടായിരിക്കുന്നതല്ല.

(xiii) താൽക്കാലികമായി ജോലി ചെയ്തു എന്നതു കൊണ്ടു മാത്രം സ്ഥിരമായി നിയോഗിക്കുന്നതിന് യാതൊരു അർഹതയുമുണ്ടായിരിക്കുകയില്ല.

(xiv) എസ്.സി/എസ്.ടി കോളനികളിലേയും, അവർ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിലെ അംഗൻവാടികളിലേയും നിയമനത്തിന് യോഗ്യരായ അപേക്ഷകർ അതേ സമുദായത്തിൽ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

**ബേബി രാമൻ**

അഡീഷണൽ സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻഡ്ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - ൨

## GOVERNMENT OF KERALA

**Abstract**

Social Welfare - Formation of welfare committees for Anganwadis guidelines issued

### SOCIAL WELFARE (B) DEPARTMENT

G.O.(MS) No. 17/93/SWD. Thiruvananthapuram, dated 16-6-1993

Read :- Lr. No. ICDS/A3/38240/93/dated, 16-7-93 from Director of social Welfare, Thiruvananthapuram.

## ORDER

With a view to improve the functioning of the Anganwadies coming under ICDS/USNP Projects in the State, Government Order that a Welfare Committee will be constituted in each Anganwadi functioning of the Committee will be as follows.

1. Ward/Division member of the Anganwadi area of Corporation/Municipalities/Panchayats will be the Chairman.
2. Anganwadi Worker of the respective Anganwadi will be its convenor.
3. ICDS Supervisor/USNP Inspector will be a member.
4. The committee will have maximum eleven members including representatives of Mahila samajams/Mahila Mandals/Prominent Voluntary Organisations/Primary School Teachers/ Social Workers/Parents of the beneficiaries and women beneficiaries.
5. No. T.A./D.A./Sitting fee is admissible.

The functions of the Committee will be:

i) The committee will act as a "watch Dog Committee". It will exercise proper vigilance over the functioning of the Anganwadies including supply of food.

ii) The committee will, to the extent possible, mobilise funds from the community for the better functioning of Anganwadies as well as giving some additional incentive to Anganwadi workers and Helpers at a fixed rate.

iii) The Supervisor/Inspector will send monthly report in respect of each Anganwadi to the Child Development Project Officer/project Officer who will send monthly consolidated report to the District social Welfare Officer before 15th of the succeeding month.

2) The Child Development Project officer/Project Officer, USNP concerned will take immediate action to constitute the Welfare Committee as mentioned above.

By Order of the Governor

G.K. Santha,
Additional Secretary